സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യാന്ന പ്രമദിതവ്യം

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 ഫെബ്രുവരി 27 തിങ്കൾ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

# കനത്ത സുരക്ഷയിൽ മേഘാലയയും നാഗാലാൻഡും; വോട്ടെടുപ്പ് തുടങ്ങി

ന്യൂഡൽഹി: മേഘാലയയിൽ നാഗാലാൻഡിലും വോട്ടെടുപ്പ് തുടങ്ങി. കനത്ത സുരക്ഷയിലാണ് ഇരു സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പ് നടക്കുന്നത്. ഇരു സംസ്ഥാനങ്ങളിലുമായി 59 സീറ്റുകളിലേക്കാണ് തെരഞ്ഞെടുപ്പ്. മേഘാലയയിൽ 369 ഉം നാഗാലാൻഡിൽ 183 ഉം സ്ഥാനാർഥികളാണ് ജനവിധി തേടുന്നത്. മേഘാലയ മുഖ്യമന്ത്രി കൊൻ്റാഡ് സാംഗ്മ സൗത്ത് ടുറ മണ്ഡലത്തിൽ നിന്നും നാഗാലാൻഡ് മുഖ്യമന്ത്രി നെഫ്യൂ റിയോ അങ്കാമിയിൽ നിന്നുമാണ് മത്സരിക്കുന്നത്. നാല് മണിവരെയാണ് വോട്ടെടുപ്പ്. വൈകിട്ട് ഏഴ് മണി വരെയാണ് എക്സിറ്റ് പോളുകൾക്ക് വിലക്ക് ഉള്ളത്. ഇരു സംസ്ഥാനങ്ങളിലും നൂറിൽ അധികം സി.ആർ.പി.എഫ് കമ്പനികളെയാണ് സുരക്ഷയ്ക്കായി നിയോഗിച്ചിരിക്കുന്നത്.ബഹുകോണ മത്സരത്തിനാണ് മേഘാലയ സാക്ഷ്യം വഹിക്കുന്നത്. കോൺഗ്രസ്, ബി.ജെ.പി, കോൺറാഡ് സാങ്മയുടെ എൻ.പി.പി (നാഷനൽ പീപ്പിൾസ് പാർട്ടി), ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജിയുടെ തൃണമൂൽ കോൺഗ്രസ് എന്നിവയാണ് മത്സരരംഗത്തുള്ളത്. മേഘാലയയിൽ ഭരണ തുടർച്ചയാണ് നാഷണൽ പീപ്പിൾസ് പാർട്ടി ലക്ഷ്യം വയ്ക്കുന്നത്.



മേഘാലയയിലെ വോട്ടെടുപ്പ് നടക്കുന്ന ബൂത്തിൽനിന്നുള്ള ദൃശ്യം

സംസ്ഥാനത്ത് രണ്ടാം തവണയും സർക്കാർ രൂപീകരിക്കുമെന്ന് മേഘാലയ മുഖ്യമന്ത്രി കോൺറാഡ് സാങ്മ പറഞ്ഞിരുന്നു. മുന്നണി ഭരണം നിലനിൽക്കുന്ന ഇരു സംസ്ഥാനങ്ങളിലും ഒറ്റയ്ക്ക് ഭരണം പിടിക്കാനാണ് ബി.ജെ.പിയുടെ ശ്രമം. മേഘാലയയിലെ 3419 പോളിംഗ് സ്റ്റേഷനുകളിൽ 323 എണ്ണവും നാഗാലാൻഡിലെ 2315ൽ 924 എണ്ണവും അതീവ ജാഗ്രതാ കേന്ദ്രങ്ങളാണ്. മാർച്ച് രണ്ടിനാണ് വോട്ടെണ്ണൽ. നാഗാലാൻഡിൽ കഴിഞ്ഞ ഒരു വർഷമായി പ്രതിപക്ഷമില്ലാതെയാണ് ബി.ജെ.പി സഖ്യകക്ഷിയായ മുന്നണി ഭരിക്കുന്നത്. നാഗാ പീപ്പിൾസ് ഫ്രണ്ടിനെതിരേയാണ് ബി.ജെ.പി, എൻ.ഡി.പി.പി എന്നീ പാർട്ടികളുടെ യോജിച്ചുള്ള പോരാട്ടം. ഇരു സംസ്ഥാനങ്ങളിലും കോൺഗ്രസും തൃണമൂൽ കോൺഗ്രസും മത്സരരംഗത്തുണ്ട്.

# ലൈഫ് മിഷൻ അഴിമതി കേസ്: ഇ.ഡിക്ക് മുമ്പിൽ ഹാജരാകില്ല, സി.എം രവീന്ദ്രൻ നിയമസഭയിൽ

തിരുവനന്തപുരം: ലൈഫ് മിഷൻ അഴിമതി കേസിൽ എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റിന് മുമ്പാകെ ചോദ്യം ചെയ്യലിന് ഹാജരാകേണ്ട മുഖ്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സി.എം രവീന്ദ്രൻ നിയമസഭയിൽ. ഇതോടെ ഇ.ഡിക്ക് മുമ്പിൽ ചോദ്യം ചെയ്യലിന് ഹാജരാകില്ലെന്ന് ഉറപ്പായി. ഇന്ന് രാവിലെ 10.30ഓടെ ഇ.ഡിക്ക് മുമ്പിൽ ഹാജാരാകനായിരുന്നു രവീന്ദ്രന് ലഭിച്ച നിർദേശം. ഇത്തവണ ചോദ്യം ചെയ്യലിന് ഹാജരായില്ലങ്കിൽ അറസ്റ്റ് ഉൾപ്പെടെയുള്ള കനത്ത നടപടികളിലേക്ക് എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റ് നീങ്ങുമെന്നാണ് സൂചന.

രവീന്ദ്രനും സ്വപ്നാ സുരേഷും തമ്മിലുള്ള വാട്സ് ആപ്പ് ചാറ്റുകൾ പുറത്ത് വന്നപ്പോൾ തന്നെ സി.എം രവീന്ദ്രൻ പ്രതിരോധത്തിലായിരുന്നു. ലൈഫുമായി ബന്ധപ്പെട്ട ചർച്ചകൾ ദുബായ് ആസ്ഥാനമായ റെഡ്ക്രസന്റ് എന്ന സ്ഥാപനവുമായി നടക്കുമ്പോഴാണ് സ്വപ്നയും രവീന്ദ്രനും തമ്മിലുള്ള ചാറ്റുകൾ പുറത്ത് വരുന്നത്. റെഡ് ക്രസന്റ് നൽകിയ 19 കോടി രൂപയിൽ 4.50 കോടി രൂപ കമ്മീഷൻ ഇനത്തിൽ നഷ്ടപ്പെട്ടെന്നാണ് ലൈഫ് മിഷൻ കോഴക്കേസ്. ഒരു കോടി രൂപ മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കരന് കൈക്കൂലിയായി ലഭിച്ചുവെന്നും കണ്ടെത്തിയിട്ടുണ്ട്. കരാറുമായി ബന്ധപ്പെട്ട എല്ലാ ഇടപാടും സി.എം രവീന്ദ്രന്റെ കൂടി അറിവോടെയാണ് നടന്നതെന്ന് സ്വപ്നയും മൊഴി നൽകിയിരുന്നു. ആരോപണങ്ങൾ സാധൂകരിക്കുന്ന വാട്സ് ആപ്പ് ചാറ്റുകളും ഇഡിക്ക് ലഭിച്ചിട്ടുണ്ട്.



ടെൻഡറില്ലാതെ ലൈഫ് മിഷൻ പദ്ധതിയുടെ കരാർ ലഭിക്കാൻ കോടികൾ കമ്മീഷൻ നൽകിയെന്ന് യൂണിടാക് ഉടമ സന്തോഷ് ഈപ്പനും മൊഴി നൽകിയിട്ടുണ്ട്. എന്നാൽ സി.എം രവീന്ദ്രന് പണം ലഭിച്ചോ എന്നതിൽ കൃത്യമായ വിശദീകരണം സ്വപ്നയുടെ മൊഴിയിലില്ല. ഇക്കാര്യങ്ങളിലാണ് രവീന്ദ്രൻ വിശദീകരണം നൽകേണ്ടിയിരുന്നത്. കേസിൽ ഇതുവരെ മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കറിനെ മാത്രമാണ് ഇഡി അറസ്റ്റ് ചെയ്തിട്ടുള്ളത്.

# ഇസ്രായേലിൽ കാണാതായ ബിജു കുര്യൻ തിരിച്ചെത്തി

# 'മാറി നിന്നത് പുണ്യസ്ഥലങ്ങൾ സന്ദർശിക്കാൻ, മടക്കം സ്വമേധയാ'

കോഴിക്കോട്: ആധുനിക കൃഷി രീതികൾ പഠിക്കാൻ ഇസ്രായേലിൽ സംസ്ഥാന സർക്കാർ അയച്ച സംഘത്തിൽ നിന്നും കാണാതായ കർഷകൻ ബിജുകുര്യൻ സംസ്ഥാനത്ത് തിരിച്ചെത്തി. രാവിലെ കരിപ്പൂരിൽ വിമാനമിറങ്ങിയ ബിജു നാട്ടിലേക്ക് തിരിച്ചു. പുണ്യ സ്ഥലങ്ങൾ സന്ദർശിക്കുകയായിരുന്നു ലക്ഷ്യമെന്നും സ്വമേധയാ ആണ് തിരിച്ചുവന്നതെന്നും ബിജു പറഞ്ഞു. ഒരു ഏജൻസിയും തന്നെ അന്വേഷിച്ച് വന്നില്ലെന്നും സഹോദരനാണ് ടിക്കറ്റെടുത്ത് നൽകിയതെന്നും ബിജു പറയുന്നു.പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്ന കാര്യം പറഞ്ഞാൽ സംഘത്തിൽ നിന്ന് അനുവാദം ലഭിക്കില്ലെന്ന് കരുതി. മുങ്ങി എന്ന വാർത്ത പ്രചരിച്ചപ്പോൾ വിഷമം തോന്നി. അതാണ് സംഘത്തോടൊപ്പം തിരികെയെത്താൻ സാധിക്കാഞ്ഞത്. സന്ദർശനത്തിനു ശേഷം ഞായറാഴ്ചയായിരുന്നു ഇവിടേക്കു മടങ്ങേണ്ടിയിരുന്ന ദിവസം. ആദ്യം ജറുസലം ദേവാലയം സന്ദർശിക്കാനായി പോയി. അതിന്റെ തൊട്ടു പിറ്റേ ദിവസം ബത്‌ലഹെമിലേക്കും പോയി. ശനിയാഴ്ച തിരിച്ചുവരേണ്ട സമയമായപ്പോഴേക്കും ആകെ പ്രശ്നമായതായി അറിഞ്ഞു. തീർത്തും മോശമായ രീതിയിൽ പലതും പ്രചരിച്ചതിനാൽ എന്താണ് ചെയ്യേണ്ടതെന്ന് അറിയാത്ത അവസ്ഥ വന്നു. എല്ലാം കേട്ട് ആകെ വിഷമമായതുകൊണ്ട് മറ്റു കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താനായില്ല. അതുകൊണ്ട് അന്നും അവിടെത്തന്നെ തുടർന്നു. പിന്നീട് മറ്റൊരാളുടെ സഹായത്തോടെ ഭാര്യയെ വിളിച്ച് ഞാൻ സുരക്ഷിതനായി ഇവിടെയുണ്ടെന്നും വീട്ടിലേക്ക് തിരിച്ചെത്തിക്കോളാമെന്നും പറഞ്ഞു. അതിനു ശേഷം എന്റെ സഹോദരനുമായി ബന്ധപ്പെട്ടു. മറ്റാരുടെയോ സഹായത്തോടുകൂടി സഹോദരനാണ് ഇവിടേക്കു മടങ്ങാനുള്ള ടിക്കറ്റ് എടുത്തുതന്നത്. അങ്ങനെയാണ് ഞാൻ ഇപ്പോൾ തിരിച്ചെത്തിയത്. സംഭവിച്ചതിൽ സർക്കാരിനോടും സംഘാംഗങ്ങളോടും നിർവ്യാജം മാപ്പ് ചോദിക്കുന്നുവെന്നും ബിജു കുര്യൻ പറഞ്ഞു. മാധ്യമങ്ങളോട് സംസാരിച്ചശേഷം ബന്ധുക്കൾക്ക് ഒപ്പം ബിജു നാട്ടിലേക്ക് തിരിച്ചു. കൃഷി രീതികൾ നേരിട്ട് കണ്ട് പഠിക്കുന്നതിന് വേണ്ടിയായിരുന്നു കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി. അശോകിന്റെ നേതൃത്വത്തിൽ കേരളാ സർക്കാരിന്റെ 27 പേരടങ്ങുന്ന കർഷക സംഘം ഈ മാസം 12 ന് ഇസ്രായേലിലേക്ക് പോയത്.



ഇസ്രായേലിൽ നിന്ന് കരിപ്പൂർ വിമാനത്താവളത്തിലെത്തിയ ബിജു കുര്യൻ മാധ്യമപ്രവർത്തകരെ കാണുന്നു

സന്ദർശന വേളയിൽ കണ്ണൂർ സ്വദേശിയായ ബിജു കുര്യൻ എന്ന കർഷകൻ സംഘത്തിൽ നിന്നും കാണാതായി. പിന്നീടാണ് ഇയാൾ മുങ്ങിയതാണെന്ന് തിരിച്ചറിഞ്ഞത്. തിരച്ചിലിനിടെ ബിജു കുര്യൻ വീട്ടിലേക്ക് വിളിച്ച് താൻ സുരക്ഷിതനാണെന്നും തന്നെ അന്വേഷിക്കേണ്ടെന്നും അറിയിച്ചു. ഇതേ തുടർന്ന് ബിജു കുര്യനില്ലാതെ കർഷക സംഘം ഫെബ്രുവരി 20ന് മടങ്ങിയെത്തി. ബിജുവിന്റെ വിസയ്ക്ക് മെയ് എട്ട് വരെ കാലാവധിയുണ്ടായിരുന്നു. എന്നാൽ ബിജുവിന്റെ വിസ റദ്ദാക്കണമെന്ന് കേരള സർക്കാർ ഇന്ത്യൻ എംബസി വഴി ആവശ്യപ്പെട്ടിരുന്നു.

## ജി.എസ്.ടി കുടിശ്ശിക ലഭിച്ചു

## ചെലവുകൾക്ക് പുറത്ത് നിന്ന് തുക കണ്ടെത്തേണ്ട സാഹചര്യം: കെ.എൻ ബാലഗോപാൽ

തിരുവനന്തപുരം: സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി കുടിശ്ശികയുടെ ബാക്കി ലഭിച്ചുവെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ നിയമസഭയിൽ പറഞ്ഞു. ബാക്കിയുള്ള 750 കോടി രൂപ കഴിഞ്ഞ ദിവസമാണ് അക്കൗണ്ടിലെത്തിയത്. എന്നാൽ, സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കുവേണ്ട തുകയ്ക്കായി ബജറ്റിന് പുറത്തുനിന്ന് കണ്ടെത്തേണ്ട സാഹചര്യം തുടരുകയാണെന്നും മന്ത്രി പറഞ്ഞു. ജി.എസ്.ടി നഷ്ടപരിഹാരം അഞ്ച് വർഷം കൂടി നീട്ടണം. ആ ആവശ്യത്തിൽ സർക്കാർ ഉറച്ച് നിൽക്കുകയാണെന്നും കെ.എൻ ബാലഗോപാൽ നിയമസഭയിൽ പറഞ്ഞു. ഡിസംബർ മാസത്തെ പെൻഷൻ വിതരണം തുടങ്ങിയിട്ടുണ്ട്. ക്ഷേമ പെൻഷൻ മുടക്കമില്ലാതെ നൽകും. 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷനും വിതരണം ചെയ്യാൻ നടപടി തുടങ്ങി. ആശ്വാസകിരണം മുടക്കം വരാതെ നടത്തും, പണം അനുവദിക്കാത്തത് കൊണ്ട് പ്രശ്നമാകില്ല. കരാറുകാരുടെ കുടിശ്ശിക തീർക്കാൻ നടപടി എടുത്ത് വരുന്നു. 10 ലക്ഷത്തിൽ കൂടുതൽ ബില്ല് മാറാൻ അനുമതി വേണമെന്നുള്ള തീരുമാനം കരാറുകാരെ പ്രതിസന്ധിയിലാക്കുന്ന സാഹചര്യം ഇല്ലെന്നും ധനമന്ത്രി നിയമസഭയെ അറിയിച്ചു.



## അറ്റകുറ്റപ്പണി; ഇന്നും സംസ്ഥാനത്ത് ട്രെയിൻ ഗതാഗത നിയന്ത്രണം:

തിരുവനന്തപുരം: തൃശൂരിനും പുതുക്കാടിനും ഇടയിൽ പാളത്തിൽ അറ്റകുറ്റപ്പണി തുടരുന്നതിനാൽ സംസ്ഥാനത്ത് ഇന്നും ട്രെയിൻ ഗതാഗതത്തിൽ നിയന്ത്രണമേർപ്പെടുത്തി റെയിൽവേ. ജനശതാബ്ദിയടക്കമുള്ള ട്രെയിൻ സർവീസുകളാണ് അധികൃതർ റദ്ദാക്കിയത്. ഇന്ന് പുലർച്ചെ കണ്ണൂരിൽ നിന്ന് പുറപ്പെടേണ്ടിയിരുന്ന തിരുവനന്തപുരം ജനശതാബ്ദി റദ്ദാക്കി. 28നുള്ള ആലപ്പുഴ-ധൻബാദ് എക്സ്പ്രസ് ഒന്നര മണിക്കൂറും എറണാകുളം-ബെംഗളൂരു എക്സ്പ്രസ് ഒരു മണിക്കൂറും വൈകിയാവും യാത്ര തുടങ്ങുക. ജനശതാബ്ദി ഉൾപ്പെടെ റദ്ദാക്കിയ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി അധിക സർവീസുകൾ നടത്തുന്നുണ്ട്. ഓൺലൈനായി ടിക്കറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

# ജാമ്യവ്യവസ്ഥ ലംഘിച്ച് എൽദോസ് റായ്പുരിൽ; കോടതിയെ സമീപിക്കാനൊരുങ്ങി പരാതിക്കാരി

റായ്പൂർ: പീഡനക്കേസിൽ എൽദോസ് കുന്നപ്പിള്ളി എം.എൽ.എ ജാമ്യവ്യവസ്ഥ ലംഘിച്ചെന്ന ആരോപണവുമായി പരാതിക്കാരി. റായ്പുരിൽ കോൺഗ്രസിന്റെ പ്ലീനറി സമ്മേളനത്തിൽ പങ്കെടുത്തുവെന്ന് ചൂണ്ടിക്കാണിച്ചാണ് പരാതിക്കാരി എൽദോസിനെതിരേ രംഗത്തെത്തിയത്. നേരത്തെ സംസ്ഥാനം വിട്ടുപോകരുതെന്ന വ്യവസ്ഥയിൻമേലാണ് എൽദോസിന് ജാമ്യം അനുവദിച്ചത്. റായ്പൂരിൽ എത്തിയത് ജാമ്യ ലംഘനമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എൽദോസിന്റെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് പരാതിക്കാരി കോടതിയെ സമീപിക്കും. കോൺഗ്രസ് പ്ലീനറി സമ്മേളനത്തിൽ പങ്കെടുക്കാനായാണ് എൽദോസ് റായ്പൂരിലെത്തിയത്. ഇതിന്റെ ദൃശ്യങ്ങൾ എം.എൽ.എ തന്നെ സമൂഹമാധ്യമങ്ങൾ വഴി പുറത്തുവിട്ടിരുന്നു. ജാമ്യവ്യവസ്ഥയിൽ കോടതി ഇളവ് നൽകിയിട്ടില്ലെന്നും ഇതിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നുമാണ് എൽദോസ് കുന്നപ്പിള്ളി എം.എൽ.എ പറയുന്നത്.





1. റായ്പൂരിൽ കോൺഗ്രസ് പ്ലീനറി സമ്മേളനത്തിൽ പങ്കെടുക്കാനായെത്തിയ എൽദോസ് കുന്നപ്പിള്ളി എം.എൽ.എ പ്രതിപക്ഷ നേതാവ് വി.ഡി സതീശനോട് സംസാരിക്കുന്നു. കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ സമീപം. 2. സഹപ്രവർത്തകർക്കൊപ്പം എൽദോസ് കുന്നപ്പിള്ളി

# പി.കെ ശശിയുടെ ഫണ്ട് തിരിമറി രേഖകൾ പുറത്ത്; അന്വേഷണ റിപ്പോർട്ട് സംസ്ഥാന നേതൃത്വത്തിന് ഉടൻ സമർപ്പിക്കും



മണ്ണാർക്കാട്: കെ.ടി.ഡി.സി ചെയർമാനും മുൻ എം.എൽ.എയുമായ പി.കെ ശശിക്കെതിരായ ഫണ്ട് തിരിമറി ആരോപണത്തിൽ രേഖകൾ പുറത്ത്. മണ്ണാർക്കാട് ഏരിയ കമ്മിറ്റിയിൽ സമർപ്പിച്ച് തെളിവുകൾക്കൊപ്പമുള്ള രേഖകളാണിത്. സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം പുത്തലത്ത് ദിനേശനാണ് പരാതിക്കാരിൽ നിന്നും തെളിവ് ശേഖരിച്ചത്. അന്വേഷണ റിപ്പോർട്ട് സംസ്ഥാന നേതൃത്വത്തിന് ഉടൻ സമർപ്പിക്കും. പി.കെ ശശിയുടെ റൂറൽ ബാങ്കിലെ അക്കൗണ്ടിലേക്കുമാറ്റിയ 10 ലക്ഷം രൂപയുടേയും ജില്ലാസമ്മേളനം നടത്തിയ വകയിൽ പി.കെ ശശിയുടെ അക്കൗണ്ടിലേക്ക് പോയ 10 ലക്ഷം രൂപയുടേയും രേഖകൾ ഉൾപ്പെടെയാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. സി.പി.എം ഭരിക്കുന്ന സഹകരണ ബാങ്കുകളിൽ നിന്ന് 5 കോടി 60 ലക്ഷം രൂപ യൂണിവേഴ്സൽ കോളേജിന് ഓഹരി വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റ് റിപ്പോർട്ട് അടക്കം ലഭ്യമാക്കിയിട്ടുണ്ട്. മണ്ണാർക്കാട് സർക്കിൾ സഹകരണ വകുപ്പിലെ വിവിധ സൊസൈറ്റികളിൽ പാർട്ടി അറിയാതെ 35 നിയമനങ്ങൾ നടത്തി. യൂണിവേഴ്സൽ കോളേജിൽ ചെയർമാനാകാൻ മണ്ണാർക്കാട് താലൂക്കിലുള്ള സഹോദരിയുടെ അഡ്രസിൽ അഡ്രസ് പ്രൂഫ് ഉണ്ടാക്കിയതിന്റെ രേഖകളും തെളിവായി ഹാജരാക്കിയിട്ടുണ്ട്. സ്വന്തം ഡ്രൈവർ പി.കെ ജയന്റെ പേരിൽ അലനല്ലൂർ വില്ലേജ് പരിസരത്ത് വാങ്ങിയ ഒരു കോടി രൂപക്ക് മുകളിൽ വിലയിൽ വാങ്ങിയ സ്ഥലത്തിന്റെ ആധാരം, പോക്ക് വരവ് സർട്ടിഫിക്കറ്റുകൾ, യൂണിവേഴ്സൽ കോളേജിന് സമീപം മകന്റെ പേരിൽ വാങ്ങിയ ഒരേക്കർ സ്ഥലത്തിന്റെ രേഖകൾ എന്നിവയും പാർട്ടി നേതൃത്വത്തിന് കൈമാറി. അംഗങ്ങളുടെ മൊഴിയെടുക്കുകയും പി.കെ ശശിയുടെ വിശദീകരണം കേൾക്കുകയും ചെയ്തിട്ടുണ്ട്.

# കെയർ ഹോമിലെ വായനശാലക്ക് ചിരന്തനയുടെ കൈത്താങ്ങ്: പുസ്തകങ്ങൾ കൈമാറി

പഴയങ്ങാടി: ഏഴോം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗാർഡിയൻ എയ്ഞ്ചൽസ് കെയർ ഹോമിൽ പുതുതായി ആരംഭിച്ച ലൈബ്രറിയിലേക്ക് ചിരന്തന 200ഓളം, വിവിധ എഴുത്തുകാരുടെ പുസ്തകങ്ങൾ കൈമാറി. ചിരന്തന വൈസ് പ്രസിഡന്റും സാമൂഹ്യ പ്രവർത്തകനുമായ സി.പി.ജലീൽ പുസ്തകങ്ങൾ ഗാർഡിയൻ എയ്ഞ്ചൽ കെയർ ഹോം ഡയരക്ടർ റഷീദ് സഖാഫിക്ക് കൈമാറി. ചടങ്ങിൽ എം.പി മുഹമ്മദ് കുഞ്ഞി, ഷൈമ ജലീൽ എന്നിവർ ആശംസകൾ നേർന്നു. കെയർ ഹോമിലെ അന്തേവാസികളിൽ പലരും



ചിരന്തന വൈസ് പ്രസിഡന്റും സാമൂഹ്യ പ്രവർത്തകനുമായ സി.പി.ജലീൽ പുസ്തകങ്ങൾ ഗാർഡിയൻ എയ്ഞ്ചൽ കെയർ ഹോം ഡയരക്ടർ റഷീദ് സഖാഫിക്ക് കൈമാറിയപ്പോൾ

നല്ല വായനക്കാരാണെന്നും, അവരുടെ വായന മുടങ്ങാതിരിക്കാനാണ് ചിരന്തന പുസ്തകങ്ങൾ കൈമാറിയെതെന്നും ചിരന്തന പ്രസിഡന്റ് പുന്നക്കൻ മുഹമ്മദലി പറഞ്ഞു.



കോട്ടയ്ക്കൽ ആര്യവൈദ്യശാല കോട്ടയം ബ്രാഞ്ച് രജത ജൂബിലി ആഘോഷ പരിപാടികൾ ലോക്സഭാംഗം തോമസ് ചാഴികാടൻ ഉദ്ഘാടനം ചെയ്തപ്പോൾ

## കോട്ടയ്ക്കൽ ആര്യവൈദ്യശാല കോട്ടയം ബ്രാഞ്ച് രജത ജൂബിലി ആഘോഷം നടത്തി

കോട്ടയ്ക്കൽ: 1998ൽ ആരംഭിച്ച ആര്യവൈദ്യശാലയുടെ കോട്ടയം ബ്രാഞ്ച് 25 വർഷം പിന്നിട്ടതിന്റെ രജത ജൂബിലി ആഘോഷം കോട്ടയം വൈ.എം.സി.എ റോഡിലുള്ള ജോയീസ് റെസിഡൻസിയിൽവച്ച് നടന്നു. ലോക്സഭാംഗം തോമസ് ചാഴികാടൻ ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ആര്യവൈദ്യശാലമാനേജിംഗ് ട്രസ്റ്റി ഡോ. പി.എം. വാരിയർ അധ്യക്ഷത വഹിച്ചു. ആര്യവൈദ്യശാല ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ജി.സി. ഗോപാലപിള്ള മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് 'ഓരോ വീട്ടിലും ഔഷധമുറ്റം' എന്ന പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം മുനിസിപ്പൽ വൈസ് ചെയർമാൻ ബി. ഗോപകുമാർ ഔഷധസസ്യ തൈകൾ നൽകിക്കൊണ്ട് നിർവഹിച്ചു. കെ. ശങ്കരൻ (വിദ്യാഭ്യാസ കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കോട്ടയം നഗരസഭ), ഏബ്രഹാം ഇട്ടിച്ചെറിയ (പ്രസിഡന്റ്, കോട്ടയം പബ്ലിക് ലൈബ്രറി), രാജു മാത്യു (ചീഫ് റിപ്പോർട്ടർ ആന്റ് ചീഫ് ബ്യൂറോ, മലയാള മനോരമ, കോട്ടയം), ജിബിൻകുര്യൻ (സീനിയർ റിപ്പോർട്ടർ, ദീപിക, കോട്ടയം), ഡോ. സിബി കുര്യാക്കോസ് (അംഗീകൃത ഡീലർ, കോട്ടയ്ക്കൽ ആര്യവൈദ്യശാല, കൂരാലി) എന്നിവർ ആശംസകൾ നേർന്നു. ആര്യവൈദ്യശാല ജോയിന്റ് ജനറൽ മാനേജർ, (കോർപ്പറേറ്റ് അഫയേഴ്സ്) പി. രാജേന്ദ്രൻ സ്വാഗതവും കോട്ടയം ബ്രാഞ്ച് മാനേജരും സീനിയർ ഫിസിഷ്യനുമായ ഡോ. ഹേമചന്ദ്രൻ നന്ദിയും പറഞ്ഞു.

# ദേശീയ ഭിന്നശേഷി കലാമേള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന നിലയിൽ ഇന്ത്യയിലെ ആദ്യത്തെ ഭിന്നശേഷി കലാമേള സംഘടിപ്പിക്കുവാൻ ഡിഫറന്റ് ആർട് സെന്റർ ഏറ്റവും ഉചിതമായ വേദിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഡിഫറന്റ് ആർട് സെന്ററിന്റെ നേതൃത്വത്തിൽ ഇന്ത്യയിലാദ്യമായി സംഘടിപ്പിക്കുന്ന സമ്മോഹൻ ദേശീയ കലാമേള ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭിന്നശേഷിക്കുട്ടികളെ മുഖ്യധാരയിലെത്തിക്കുവാൻ ഇത്തരം മേളകൾ അനുചിതമാണ്. ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുവാൻ സർക്കാർ നിരവധി പരിപാടികളാണ് ചെയ്തുവരുന്നത്. ഇതിന്റെ ഭാഗമായി ബാരിയർ ഫ്രീ പദ്ധതി കേരളം നടപ്പിലാക്കി വരികയാണ്. എല്ലാ പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബാംഗ്ലൂരിൽ നിന്നെത്തിയ പത്തോളം ഭിന്നശേഷിക്കാരുടെ ചക്രക്കസേര നൃത്തത്തോടെയാണ് ചടങ്ങുകൾക്ക് തുടക്കം കുറിച്ചത്. കാഴ്ച പരിമിതയായ തമിഴ്നാട് സ്വദേശി ജ്യോതികല തിരുവിതാംകൂറിന്റെ ദേശീയ ഗാനമായിരുന്ന വഞ്ചീശമംഗളം ആലപിച്ചുകൊണ്ട് ഉദ്ഘാടന ചടങ്ങുകൾക്ക് തുടക്കം കുറിച്ചു.



ദേശീയ ഭിന്നശേഷി കലാമേള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തപ്പോൾ. സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു സമീപം

സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു അധ്യക്ഷത വഹിച്ച ചടങ്ങിൽ ജ്യോതികലയെ മുഖ്യമന്ത്രി പൊന്നാടയും മെമെന്റോയും നൽകി ആദരിച്ചു. ചടങ്ങിൽ കടകംപള്ളി സുരേന്ദ്രൻ, നാഷണൽ ട്രസ്റ്റ് ജോയിന്റ് സെക്രട്ടറി കെ.ആർ വൈദീശ്വരൻ എന്നിവർ സംസാരിച്ചു. ഡിഫറന്റ് ആർട് സെന്റർ എക്സിക്യൂട്ടീവ് ഡയരക്ടർ ഗോപിനാഥ് മുതുകാട് സ്വാഗതവും മുൻ ചീഫ് സെക്രട്ടറി ജിജി തോംസൺ നന്ദിയും പറഞ്ഞു.



## കലാമേളക്ക് ഇരട്ടിമധുരവുമായി മിറാക്കിൾ ഓൺ വീൽസിന്റെ വേറിട്ട നൃത്തക്കാഴ്ച

തിരുവനന്തപുരം: ചക്രക്കസേരയിലെ ജീവിതം പ്രതീക്ഷകളുടെ അവസാനമല്ലെന്ന് തെളിയിച്ച ഉശിരൻ പ്രകടനവുമായി ബാംഗ്ലൂരിലെ മിറാക്കിൾ ഓൺ വീൽസ് സമ്മോഹൻ ഉദ്ഘാടന വേദിയെ പ്രകമ്പനം കൊള്ളിച്ചു. ചക്രക്കസേരയിൽ ഇരുന്നുകൊണ്ട് നർത്തകർ നടത്തിയ ചടുല നൃത്തം സദസ്സ് കണ്ണിമവെട്ടാതെ കണ്ടിരുന്നു. വീൽചെയറുകൾ മറിച്ചിട്ടും അതിനുമുകളിൽ കയറി നിന്നും പരിമിതിയോട് പടവെട്ടുന്ന വ്യത്യസ്ത നൃത്തക്കാഴ്ചയാണ് കാണികൾക്ക് സമ്മാനിച്ചത്. കാണികളെ എഴുന്നേറ്റ് നിന്ന് കൈയടിക്കാൻ പ്രേരിപ്പിച്ച അപൂർവ നിമിഷങ്ങളെ കൊണ്ട് സമ്പന്നമായിരുന്നു വീൽ ചെയർ ഡാൻസ്. അംഗപരിമിതരും ശ്രവണ സംസാര പരിമിതരുമാണ് സംഘത്തിലുണ്ടായിരുന്നത്. കലാമേളയ്ക്ക് ഏറ്റവും ഉചിതമായ തുടക്കമായിരുന്നുവെന്ന് കാണികൾ ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടു.




ഫറോക്ക് കെ. ഹിൽസിൽ നടന്ന റോട്ടറി 3204 വാർഷിക സമ്മേളനം 'പ്രണയ'ത്തിന്റെ സമാപന ചടങ്ങിൽ റോട്ടറി ഇന്റർനാഷണൽ പ്രതിനിധി കമാൽ സാങ്വി മുഖ്യ പ്രഭാഷണം നടത്തുന്നു. ഡിസ്ട്രിക്ട് ഗവർണർ പ്രമോദ് വി.വി നായനാർ , സംഘാടക സമിതി ചെയർമാൻ കെ.പി സക്കീർ ഹുസൈൻ തുടങ്ങിയവർ സമീപം

## റോട്ടറി ഡിസ്ട്രിക്ട് സമ്മേളനം 'പ്രണയം സമാപിച്ചു': അടുത്ത വാർഷിക സമ്മേളനം മംഗലാപുരത്ത്

കോഴിക്കോട്: അറിവും ആനന്ദവും പകർന്ന് രണ്ട് നാൾ നീണ്ടുനിന്ന റോട്ടറി ഡിസ്ട്രിക്ട് 3204 വാർഷിക സമ്മേളനം പ്രണയം സമാപിച്ചു. ഫറോക്ക് കെ.ഹിൽസിൽ നടന്ന സമാപന ചടങ്ങിൽ റോട്ടറി ഇന്റർനാഷണൽ പ്രതിനിധി കമാൽ സാങ്വി മുഖ്യ പ്രഭാഷണം നടത്തി. ഡിസ്ട്രിക്ട് ഗവർണർ പ്രമോദ് വി.വി നായനാർ അധ്യക്ഷത വഹിച്ചു. ജില്ല പോലിസ് മേധാവി തേജ്പാൽ മീണ, കേണൽ നവിൻ, പി.ഡി.ജിമാരായ സി.എം അബൂബക്കർ , ശ്രീധരൻ നമ്പ്യാർ, ഡോ.സേതു ശിവശങ്കർ, ഡി.ജി.ഇ നോമിനി സന്തോഷ് ശ്രീധരൻ , ബ്രിജേഷ് മാനുവൽ, വി.ജി നായനാർ എന്നിവർ പ്രസംഗിച്ചു. സജി ഗോപിനാഥ് , ഫാബിദ് മൊയ്തീൻ തുടങ്ങിയവർ ക്ലാസെടുത്തു. സംഘാടക സമിതി ചെയർമാൻ കെ.വി സക്കീർ ഹുസൈൻ സ്വാഗതവും ഡിസ്ട്രിക്ട് സെക്രട്ടറി അനിൽ മേലത്ത് നന്ദിയും പറഞ്ഞു. അടുത്ത വർഷം ഫെബ്രുവരിയിൽ മംഗലാപുരത്ത് സമ്മേളനം നടക്കുമെന്ന് സംഘാടകസമിതി അറിയിച്ചു.

# ഹെൽപ്പിങ് ഹാന്റ്സ് ചാരിറ്റബിൾ ട്രസ്റ്റിന്റെ റീഹാബിറ്റ് വാർഷിക സംഗമം നടത്തി

കോഴിക്കോട്: അപകടത്തെ തുടർന്ന് നട്ടെല്ലിന് ക്ഷതമേറ്റ് ചികിത്സയിലുള്ളവരും രോഗത്തെ അതിജീവിക്കുന്നവരും വെള്ളിമാടുകുന്ന് ജെ.ഡി.ടി ഓഡിറ്റോറിയത്തിൽ ഒത്തുകൂടി. നിർധന രോഗികൾക്ക് മരുന്നും ചികിത്സയും നൽകി സേവന രംഗത്ത് രണ്ടര പതിറ്റാണ്ടിലേറെയായി മെഡിക്കൽ കോളേജ് ആശുപത്രി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഹെൽപ്പിങ് ഹാന്റ്സ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ന്യൂറോ റിഹാബ് പദ്ധതിയായ റീഹാബിറ്റിന്റെ വാർഷിക സംഗമവേദിയിൽ പങ്കെടുത്തവർ പങ്കുവെച്ച അനുഭവങ്ങൾ രോഗാവസ്ഥ നേരിടുന്നവർക്ക് ആശ്വാസമായി. ദുബൈ ഫാത്തിമ ഹെൽത്ത് ഗ്രൂപ്പ് ചെയർമാൻ ഡോ. കെ.പി ഹുസൈൻ ഉദ്ഘാടനം ചെയ്തു. ട്രസ്റ്റിന്റെ കീഴിൽ 10 ഏക്കറിൽ ഒരുങ്ങുന്ന കേരള ന്യൂറോ റീഹാബ് ഇൻസ്റ്റിറ്റ്യൂട്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷണ കേന്ദ്രമായി മാറ്റുമെന്ന് അദ്ദേഹം പറഞ്ഞു.






1. ഹെൽപ്പിങ് ഹാന്റ്സ് ചാരിറ്റബിൾ ട്രസ്റ്റിന്റെ റീഹാബിറ്റ് വാർഷിക സംഗമം ദുബൈ ഫാത്തിമ ഹെൽത്ത് ഗ്രൂപ്പ് ചെയർമാൻ ഡോ.കെ.പി ഹുസൈൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു 2. സംഗമത്തിലെത്തിച്ചേർന്നവർ

സ്വാഗതസംഘം ചെയർമാൻ കെ.പി ഹനീഫ അധ്യക്ഷത വഹിച്ചു. പ്രഗത്ഭ മോട്ടിവേഷൻ പ്രഭാഷകൻ പി.എം.എ ഗഫൂർ സംവദിച്ചു. നാഡി സംബന്ധമായ അസുഖങ്ങൾ വന്നവർ ശ്രദ്ധിക്കേണ്ട കുറിപ്പുകൾ അടങ്ങിയ പുസ്തകം ഡോ.ബീന ഹുസൈൻ പ്രകാശനം ചെയ്തു. പി.കെ ഗ്രൂപ്പ് ചെയർമാൻ പി.കെ അഹമ്മദ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ ഡയരക്ടർ ഡോ. അൻവർ ഹുസൈൻ, റീഹാബിറ്റ് കെയർ ഹോം ചീഫ് ഫിസിയാട്രിസ്റ്റ് ഡോ.എ. അഫ്ര ആയിഷ, ബ്രിട്കോ ഗ്രൂപ്പ് ചെയർമാൻ സുധീർ ചെറുവാടി, ഇഖ്റാ ഹോസ്പിറ്റൽ ഡയരക്ടർ പി.സി അൻവർ, മാനേജ്മന്റ് ട്രെയ്നർ പി.കെ ആഷിഖ്, ബഷീർ മമ്പുറം എന്നിവർ പ്രസംഗിച്ചു. ട്രസ്റ്റ് പ്രസിഡന്റ് കെ.വി നിയാസ് സ്വാഗതവും റീഹാബിറ്റ് സി.ഇ.ഒ മിറാഷ് നന്ദിയും പറഞ്ഞു. 108 പേരെയാണ് റീഹാബിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ട്രസ്റ്റ് സൗജന്യമായി ചികിത്സിക്കുന്നത്. 60 പേരെ ഒരു വർഷത്തിനുള്ളിൽ മുന്നോട്ടുള്ള ജീവിതത്തിന് പ്രാപ്തരാക്കി. നിലവിൽ 48 പേരുടെ ചികിത്സ പദ്ധതിയിലൂടെ തുടരുന്നതായി ട്രസ്റ്റ് പ്രസിഡന്റ് കെ.വി നിയാസ് പറഞ്ഞു. ഭിന്നശേഷിക്കാരുടെ പുനരധിവാസ കേന്ദ്രമായ പുളിക്കൽ എബിലിറ്റി ഫൗണ്ടേഷനിലേയും ഭിന്നശേഷി കൂട്ടായ്മയായ മലപ്പുറം കൊമ്പൻസിലേയും കലാകാരന്മാരുടെ കലാപരിപാടികൾ അരങ്ങേറി.

# കരിപ്പൂരിൽ എയർ ഇന്ത്യാ സർവ്വീസ് നിർത്താനുള്ള തീരുമാനം; എം.ഡി.എഫ് നേതാക്കൾ മന്ത്രി അബ്ദുറഹ്മാനുമായി കൂടിക്കാഴ്ച നടത്തി

മലപ്പുറം: കരിപ്പൂരിൽ നിന്നും ദുബൈയിലേക്കും ഷാർജയിലേക്കും അവിടെ നിന്നും കരിപ്പൂരിലേക്കും സർവ്വീസ് നടത്തുന്ന എയർ ഇന്ത്യാ വിമാന സർവ്വീസ് കാരണമൊന്നുമില്ലാതെ മാർച്ച് മുതൽ നിർത്തി വയ്ക്കാനുള്ള തീരുമാനം പുനഃപരിശോധിക്കാൻ കേരള സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മലബാർ ഡെവലപ്മെന്റ് ഫോറം(എം.ഡി.എഫ്) സെൻട്രൽ കമ്മിറ്റി ഭാരവാഹികൾ, മന്ത്രി വി.അബ്ദുറഹ്മാനുമായി കൂടികാഴ്ച നടത്തുകയും നിവേദനം നൽകുകയും ചെയ്തു. കരിപ്പൂരിലേക്ക് വലിയ വിമാനങ്ങൾക്ക് സർവ്വീസ് നടത്താൻ സിവിൽ ഏവിയേഷൻ അധി



കരിപ്പൂരിൽ എയർ ഇന്ത്യാ സർവ്വീസ് നിർത്താനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് എം.ഡി.എഫ് സെൻട്രൽ കമ്മിറ്റി ഭാരവാഹികൾ, മന്ത്രി വി.അബ്ദുറഹ്മാനുമായി കൂടികാഴ്ച നടത്തിയപ്പോൾ

കൃതർ അനുമതി നിഷേധിച്ച സാഹചര്യത്തിൽ ദുബൈ, ഷാർജ എന്നിവിടങ്ങളിലേക്കും അവിടെ നിന്നും തിരിച്ചുമുള്ള യാത്രക്കാർ കൂടുതൽ ആശ്രയിക്കുന്നത് എയർ ഇന്ത്യയെയായിരുന്നു. ഈ സെക്ടറിലേക്ക് എയർ ഇന്ത്യാ സർവ്വീസ് കൂടി നിർത്തലാക്കുന്നതോടെ ആയിരക്കണക്കിന് പ്രവാസികളാണ് പ്രയാസത്തിലാവുക. ഇതിനെതിരേ ശക്തമായ നടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാവണമെന്ന് എം.ഡി.എഫ്.ഭാരവാഹികൾ മന്ത്രിയോട് ആവശ്യപ്പെട്ടു. പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് അംശാദായം അടക്കുന്നത് ഏതെങ്കിലും സാഹചര്യത്തിൽ മുടങ്ങിപ്പോയാൽ അംശാദായത്തിന് പുറമെ ഭീമമായ സംഖ്യ പലിശയിനത്തിൽ ഈടാക്കുന്നത് പിൻവലിക്കണമെന്നും അറുപത് വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ഒറ്റതവണ അടവിലൂടെ ക്ഷേമനിധിയിൽ അംഗത്വമെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും പ്രവാസിക്ഷേമനിധിയുമായി ബന്ധപ്പെട്ട് പ്രവാസികളുടെ ആശങ്ക പരിഹരിക്കണമെന്നും തിരുന്നാവായ -ഗുരുവായൂർ റെയിൽ പാത യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എം.ഡി.എഫ് ഭാരവാഹികൾ മന്ത്രിക്ക് നൽകിയ നിവേദനത്തിലൂടെ ആവശ്യപ്പെട്ടു. എം.ഡി.എഫ് സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് എസ്.എ അബൂബക്കർ, ഭാരവാഹികളായ അഷ്റഫ് കളത്തിങ്ങൽ പാറ, നിസ്താർ ചെറുവണ്ണൂർ, ഫ്രീഡാപോൾ എന്നിവർ സംബന്ധിച്ചു.

# വിഭിന്ന സേവാ പുരസ്കാർ സമ്മാനിച്ചു

കോഴിക്കോട്: വ്യത്യസ്ത മേഖലകളിൽ കഴിവ് പ്രകടിപ്പിക്കുന്ന ഹിന്ദി അധ്യാപകർക്കായി രാഷ്ട്രഭാഷാ വേദി നൽകിവരുന്ന 11ാമത് വിഭിന്ന സേവാ പുരസ്കാർ കാസർകോട് നീലേശ്വരം രാജാസ് ഹയർ സെക്കൻഡറി സ്കൂളിലെ ഇ.എം സുധാമണിക്കും കോഴിക്കോട് സിൽവർ ഹിൽസ് ഹയർസെക്കൻഡറി സ്കൂളിലെ പി.എം രഞ്ജിനിക്കും ദേവിസഹായം ലൈബ്രറി ഹാളിൽ നടന്ന ചടങ്ങിൽ സമ്മാനിച്ചു. വേദി ആക്ടിംഗ് പ്രസിഡന്റ് കുയ്യലക്കണ്ടി ശ്രീധരന്റെ അധ്യക്ഷതയിൽ ഗോപി ചെറുവണ്ണൂർ (ഭരണ സമിതി അംഗം ദക്ഷിൺ ഭാരത ഹിന്ദി പ്രചാര സഭ ) ഉദ്ഘാടനം ചെയ്തു. പീപ്പിൾസ് റിവ്യൂ ചീഫ് എഡിറ്റർ പി.ടി നിസാർ മുഖ്യാതിഥിയായി. രാഷ്ട്രഭാഷാ



ഹിന്ദി അധ്യാപകർക്കായി രാഷ്ട്രഭാഷാ വേദി നൽകിവരുന്ന 11ാമത് വിഭിന്ന സേവാ പുരസ്കാർ ദേവിസഹായം ലൈബ്രറി ഹാളിൽ നടന്ന ചടങ്ങിൽ വച്ച് പി.എം രഞ്ജിനിക്ക് സമ്മാനിച്ചപ്പോൾ

വേദി സ്റ്റേറ്റ് ജനറൽ സെക്രട്ടറി ആർ.കെ ഇരവിൽ , വർക്കിംഗ് പ്രസിഡന്റ് വി. എം ആനന്ദകുമാർ , വിനു നീലേരി , സ്റ്റേറ്റ് ട്രഷറർ കെ.പി ആലിക്കുട്ടി , താലൂക്ക് സെക്രട്ടറി പി.ടി ജയപ്രകാശ്, ജില്ലാ ട്രഷറർ ഹരികൃഷ്ണൻ പാറോപ്പടി, സുഭാഷ് പൂനത്ത് എന്നിവർ സംസാരിച്ചു. അവാർഡിനർഹരായ സുധാമണിയും രഞ്ജിനിയും മറുമൊഴി നടത്തി.






1. വനിതാ ടി20 ലോകകപ്പ് ജേതാക്കളായ ആസ്ട്രേലിയൻ ടീം 2. കിരീടവുമായി ഓസീസ് ക്യാപ്റ്റൻ മെഗ് ലാനിങ്

# വനിതാ ടി20 ലോകകപ്പ്; ആറാം തവണയും ആസ്ട്രേലിയ

## ദക്ഷിണാഫ്രിക്കയെ 19 റൺസിന് പരാജയപ്പെടുത്തി തുടർച്ചയായ മൂന്നാം ടി20 കിരീടം നേടി ഓസീസ്

കേപ്ടൗൺ: പടിക്കൽ കലം ചെന്നുടയ്ക്കുകയെന്ന ശീലം ദക്ഷിണാഫ്രിക്ക ഇത്തവണയും മാറ്റിയില്ല. സ്വന്തം നാട്ടിൽ ചാമ്പ്യൻമാരാകാനുള്ള സുവർണാവസരം അവർ വീണ്ടും തുലച്ചു. ആസ്ട്രേലിയക്ക് മുന്നിൽ മുട്ടുകുത്തിയ ആതിഥേയർ വീണ്ടും കണ്ണീരണിയേണ്ടിവന്നു. മറുഭാഗത്ത് ടി20 വനിതാ ലോകകപ്പ് കിരീടം ആറാം തവണയും നേടിയതിന്റെ ത്രില്ലിലാണ് ആസ്ട്രേലിയൻ ടീം. ഫൈനലിൽ ആതിഥേയരായ ദക്ഷിണാഫ്രിക്കയെ 19 റൺസിനാണ് ഓസീസ് തോൽപ്പിച്ചത്. ഓസീസിന്റെ തുടർച്ചയായ മൂന്നാം ടി20 ലോകകപ്പ് കിരീട നേട്ടമാണിത്. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ആസ്ട്രേലിയ നിശ്ചിത 20 ഓവറിൽ 156 റൺസ് നേടി. ഓസീസിനായി ബേത് മൂണി 53 പന്തിൽ പുറത്താവാതെ 74 റൺസ് നേടി. മൂണിയാണ് കളിയിലെ താരം. മറുപടി ബാറ്റിംഗിൽ ആതിഥേയരായ ദക്ഷിണാഫ്രിക്കയ്ക്ക് ആറ് വിക്കറ്റ് നഷ്ടത്തിൽ 137 റൺസ് നേടാനാണ് സാധിച്ചത്. ദക്ഷിണാഫ്രിക്കൻ നിരയിൽ ലൗറ വോൾവാർട്ട് 61 റൺസ് നേടി പൊരുതിയെങ്കിലും വിജയം എത്തിപ്പിടിക്കാനായില്ല. പവർപ്ലേ ഓവറുകളെ മെല്ലെപ്പോക്കാണ് ആതിഥേയർക്ക് തിരിച്ചടിയായത്. കൃത്യമായ ഇടവേളകളിൽ ഓസീസ് ബൗളർമാർ വിക്കറ്റ് വീഴ്ത്തിയതും കളിയിൽ നിർണായകമായി. ലൗറ വോൾവാർട്ടിന് പുറമെ ക്ലോ ട്ര്യോൺ (25) മാത്രമാണ് കാര്യമായി സംഭാവന നൽകിയത്.ഓസീസ് നിരയിൽ അലീസ ഹീലി (18)യും അഷ്‌ലി ഗാർഡ്നർ (29)റും മികച്ച പിന്തുണയാണ് ബേത് മൂണിക്ക് നൽകിയത്. അഷ്‌ലി ഗാർഡനറിനൊപ്പം മൂണി നേടിയ 46 റൺസിന്റെ പാർട്ട്ണർഷിപ്പ് കളിയിൽ നിർണയാകമായി. ഒമ്പത് ഫോറും ഒരു സിക്സിന്റേയും അകമ്പടിയോടു കൂടിയാണ് മൂണി അർധസെഞ്ചുറി തികച്ചത്. നേരത്തെ സെമിയിൽ ഇന്ത്യയെ അഞ്ച്റൺസിന് പരാജയപ്പെടുത്തിയാണ് ആസ്ട്രേലിയ ഫൈനൽ പ്രവേശനം നേടിയത്. ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തിയാണ് ദക്ഷിണാഫ്രിക്ക ഫൈനലിലേക്കെത്തിയത്. ക്രിക്കറ്റ് ചരിത്രത്തിലെ പകരം വയ്ക്കാനില്ലാത്തെ റെക്കോർഡിന് അർഹയായിരിക്കുകയാണ് ആസ്ട്രേലിയൻ വനിതാ ടീം ക്യാപ്റ്റൻ മെഗ് ലാന്നിങ്. ക്യാപ്റ്റനെന്ന നിലയിൽ ഏറ്റവും കൂടുതൽ ഐ.സി.സി ട്രോഫികൾ നേടിയ റെക്കോർഡാണ് മെഗ് ലാന്നിങ് തന്റെ പേരിൽ എഴുതിച്ചേർത്തത്. ദക്ഷിണാഫ്രിക്കക്കെതിരേയുള്ള വിജയത്തോടുകൂടി അഞ്ച് ഐ.സി.സി കിരീടങ്ങൾ ലാന്നിങ് സ്വന്തമാക്കി കഴിഞ്ഞു. 2014, 2018, 2020, 2023 വനിതാ ടി22 ലോകകപ്പുകളിലും 2022ലെ ഏകദിന ലോകകപ്പിലുമാണ് ലാന്നിങ്ങിന്റെ നേതൃത്വത്തിലുള്ള സ്ട്രേലിയൻ ടീം കപ്പടിച്ചത്. ഈ നേട്ടത്തിൽ ലാന്നിങ്ങിന് പിന്നിലുള്ളത് സാക്ഷാൽ റിക്കി പോണ്ടിങ്ങാണ് നാല് ഐ.സി.സി കരീടങ്ങലാണ് പോണ്ടിങ്ങിനുള്ളത്.









പൊന്ന്യത്തങ്കത്തിന്റെ അഞ്ചാം നാളിൽ നടന്ന സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മന്ത്രി സജി ചെറിയാൻ

# തലശ്ശേരി സകല കലകളുടേയും പ്രഭവകേന്ദ്രം: മന്ത്രി സജി ചെറിയാൻ

തലശ്ശേരി: കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ എഴുതപ്പെടുന്ന സുപ്രധാന കേന്ദ്രമായി മാറിയ പൈതൃകനഗരമായ തലശ്ശേരി, സകല കലകളുടേയും പ്രഭവകേന്ദ്രമാണെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അഭിപ്രായപ്പെട്ടു. കേരളം ലോകത്തിന് നൽകിയ മഹത്തായ ആയോധന കലയായ കളരിക്ക് വൻതോതിലുള്ള പ്രാധാന്യവും പ്രോത്സാഹനവും നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. പൊന്ന്യത്തങ്കത്തിന്റെ അഞ്ചാം നാളിൽ നടന്ന സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കളരി-നാടൻ കലാപ്രതിഭകളെ മന്ത്രി ആദരിച്ചു. ചടങ്ങിൽ ഒ.എസ് ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു. സ്പീക്കർ അഡ്വ.എ.എൻ.ഷംസീർ വിശിഷ്ടാതിഥിയായിരുന്നു. ഖാദി ബോർഡ് വൈസ് ചെയർമാൻ പി.ജയരാജൻ, മുഹമ്മദ് അഫ്സൽ, എ.വി അജയകുമാർ, എം.സി പവിത്രൻ, ഡോ. എ.പി ശ്രീധരൻ, അഡ്വ.സുരേഷ് സോമ, പി.കെ സാവിത്രി സംസാരിച്ചു. പി.പി സനൽ സ്വാഗതവും, പി.വി ലവ്ലിൻ നന്ദിയും പറഞ്ഞു. അൽ-മുബാറക്ക് കളരിയുടേയും ദുബായ് കളരി ക്ലബ്ബിന്റെയും കളരിയഭ്യാസ പ്രകടനമുണ്ടായി. യോഗ നൃത്തം, ലാസ്യ പയ്യന്നൂർ അവതരിപ്പിച്ച 'പുലിജൻമം', കാരി ഗുരുക്കൾ തെയ്യത്തിന്റെ നൃത്താവിഷ്ക്കാരവും നടന്നു.

# സബർമതി ട്രസ്റ്റിന്റെ പത്താം വാർഷികാഘോഷം; ദേശീയ സെമിനാർ സംഘടിപ്പിച്ചു

പള്ളൂർ: സബർമതി ട്രസ്റ്റിന്റെ പത്താം വാർഷികാഘോഷത്തിന്റെ ഭാഗമായി മൂന്നങ്ങാടിയിലെ സോഷ്യൽ ആന്റ് ബിഹേവിയറൽ ഹെൽത്ത് അക്കാദമി, മാഹിയിലെ ഭിന്നശേഷിക്കാരുടെ അസോസിയേഷനായ ആപ്ത എന്നിവയുടെസഹകരണത്തോടെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ സാമൂഹ്യ-വിദ്യാഭ്യാസ പ്രശ്നങ്ങളെ കുറിച്ച് ചെമ്പ്ര എച്ച്.എച്ച്.എഫ് ഇന്റർനാഷണൽ സ്കൂളിൽ വച്ച് നടത്തിയ ദേശീയ സെമിനാർതിരുച്ചിറപള്ളി ബിഷപ ഹെബർ കോളജിലെ സാമൂഹ്യ പ്രവർത്തന വിഭാഗം തലവൻ ഡോ. എഫ്. കാർട്ടർ പ്രേംരാജ് ഉദ്ഘാടനം ചെയ്തു.ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് അവരുടെ കൂടപ്പിറപ്പുകളും ബന്ധുക്കളും നൽകുന്ന സ്നേഹവും പരിരക്ഷയുമാണ് അവർ മുഖ്യധാരയിൽ എത്താനുള്ള എളുപ്പവഴിയെന്ന് അദ്ദേഹം പറഞ്ഞു. സബർമതി ട്രസ്റ്റ് രക്ഷാധികാരി പി.പി വിനോദൻ, എം.സി.സി.ഐ.ടി പ്രസിഡന്റ് സജിത്ത് നാരായണൻ എന്നിവർമുഖ്യാതിഥികളായിരുന്നു. സമത്വശ്രീ മിഷൻ അസി.ഡയരക്ടർ ലിഗിന പി.വി അധ്യക്ഷത വഹിച്ചു. ആപ്ത പ്രസിഡന്റ് സജീർ ചെറുകല്ലായി, പരിശീലന



സബർമതി ട്രസ്റ്റിന്റെ പത്താം വാർഷികാഘോഷത്തിന്റെ ഭാഗമായി ചെമ്പ്ര എച്ച്.എച്ച്.എഫ് ഇന്റർനാഷണൽ സ്കൂളിൽ വച്ച് നടത്തിയ ദേശീയ സെമിനാർ തിരുച്ചിറപള്ളി ബിഷപ് ഹെബർ കോളജിലെ സാമൂഹ്യ പ്രവർത്തന വിഭാഗം തലവൻ ഡോ. എഫ്. കാർട്ടർ പ്രേംരാജ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

വിഭാഗം കോ-ഓർഡിനേറ്റർ രാജീവ് ഈ.കെ എന്നിവർ സംസാരിച്ചു.വിവിധ ഘട്ടങ്ങളിലായി നടന്ന ക്ലാസുകളിൽ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ അനുഭവിക്കുന്ന ചൂഷണങ്ങളും പരിഹാരങ്ങളും എന്ന വിഷയത്തെ കുറിച്ച് മാഹി ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയരക്ടർ ഡോ. പവിത്രൻ കെ.വി ക്ലാസ്സെടുത്തു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ കുടുംബ-സാമൂഹിക-സാമ്പത്തിക മേഖലയിൽ സൈക്യാട്രിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് എന്നിവരുടെ പങ്കിനെ കുറിച്ച് ഡോ.മഹേഷ് പള്ളൂർ സംസാരിച്ചു.

തുടർന്ന് ഇരിട്ടി അങ്ങാടിക്കടവ് ഡോൺബോസ്കോ കോളജിലെ സാമൂഹ്യ പ്രവർത്തന വിഭാഗം കോ-ഓർഡിനേറ്റർ സേവ്യർകുട്ടി ഫ്രാൻസിസ് ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ സാമൂഹ്യ പുനരധിവാസം എന്ന വിഷയത്തെ കുറിച്ചും മാഹി അസി. ലേബർ ഓഫീസർ മനോജ് കുമാർ.കെ 'നാഷണൽ ട്രസ്റ്റ് ആക്ട് ആന്റ്, ലീഗൽ ഗ്വാർഡിയൻഷിപ്പ്' എന്ന വിഷയത്തെ കുറിച്ചും മാഹി സഹകരണ ബി.എ.ഡ് കോളജിലെ ഇംഗ്ലീഷ് വിഭാഗം അസി. പ്രൊഫസ്സർ കെ.പി ഖദീജസനം ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ കുട്ടിക്കാലവും രക്ഷാകർതൃത്വവും എന്ന വിഷയത്തെ കുറിച്ചും സംസാരിച്ചു.

ദേശീയ സെമിനാറിന്റെ സമാപനം മാഹി ലയൺസ് ക്ലബ്ബ് സെക്രട്ടറി എ.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സമത്വശ്രീ മിഷൻ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ ആശാലത പി.പി അധ്യക്ഷത വഹിച്ചു. സബർമതി ട്രസ്റ്റ് വൈസ് ചെയർമാൻ ടി. ശ്രീനിവാസൻ കോൺഫറൻസിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നിർവഹിച്ചു. കേരളത്തിനകത്തും പുറത്തുമായി നൂറിലധികം പേർ സെമിനാറിൽ പങ്കെടുത്തു. മാഹി ജനറൽ ഹോസ്പിറ്റലിൽ മാസത്തിൽ രണ്ടാഴ്ച്ചയെങ്കിലും സൈക്യാട്രിസ്റ്റിന്റെ സേവനം ലഭ്യമാക്കണമെന്നും ബുദ്ധി വൈകല്യം നേരിടുന്നവർക്കുള്ള മെഡിക്കൽ ക്യാമ്പും സർട്ടിഫിക്കറ്റ് വിതരണവും ഉടനെ നടത്തണമെന്നും ആവശ്യപ്പെട്ട് ഭിന്നശേഷിക്കാരുടെ അസോസിയേഷനായ ആപ്തയ്ക്ക് വേണ്ടി സെക്രട്ടറി ഷബ്ന കെ.വി മാഹി ആരോഗ്യ വിഭാഗം ഡെപ്യൂട്ടി ഡയരക്ടർക്ക് നിവേദനം നൽകി. ആപതയുടെ രക്ഷാധികാരി രേഖ, വൈകല്യ വിഭാഗം കോ-കൺവീനർ ഷാജൻ.എൻ, ലിസ്മി സജി, മാലിനി വി.എം, ജസ്ന ഫൈസൽ, ഷംന വി.വി, ശൈലജ ഷാജൻ, ഷീബ ഇ.എം. കലയരശു എന്നിവർ സംസാരിച്ചു. വൈകല്യ വിഭാഗം കോ-ഓർഡിനേറ്റർ അഷിത ബഷീർ സ്വാഗതവും പബ്ലിസിറ്റി കൺവീനർ എസ്.കെ സുരേന്ദ്രൻ നന്ദിയും പറഞ്ഞു.

# കോഴിക്കോട് എൻ.ഐ.ടിയെ കാവിവൽക്കരിക്കാനുള്ള ശ്രമത്തിനെതിരേ പൊതുസമൂഹം രംഗത്ത് വരണം: ഫ്രറ്റേണിറ്റി മൂവ്മെന്റ്

കോഴിക്കോട്: കോഴിക്കോട് എൻ.ഐ.ടിയെ കാവിവൽക്കരിക്കാനുള്ള ശ്രമത്തിനെതിരേ പൊതു സമൂഹം രംഗത്ത് വരണമെന്ന് ഫ്രറ്റേണിറ്റി മൂവ്മെന്റ് കോഴിക്കോട് ജില്ലാ സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു. സംഘപരിവാർ ആസൂത്രിതമായി നടത്തുന്ന അക്കാദമിക ഹിന്ദുത്വത്തിന്റെ ഭാഗമാണ് സംഘപരിവാർ സഹയാത്രികനെ എൻ.ഐ.ടി ഡയരക്ടറായി നിയമിച്ചത്. സംഘപരിവാർ പോഷക സംഘടനക്ക് പരിപാടി നടത്താൻ എൻ.ഐ.ടി ക്യാമ്പസിൽ ഔദ്യോ




ഗിക അനുമതി നൽകിയതും, ഇപ്പോൾ സംഘപരിവാറിന് കീഴിൽ പ്രവർത്തിക്കുന്ന മാധ്യമ വിദ്യാഭ്യാസ സ്ഥാപനമായ മാഗ്കോമും എൻ.ഐ.ടിയും തമ്മിൽ സഹകരിച്ചു പ്രവർത്തിക്കാനുള്ള തീരുമാനവും രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തെ കാവിവൽക്കരിക്കാനുള്ള ആസൂത്രിത ശ്രമത്തിന്റെ ഭാഗമാണ്. സംഘപരിവാർ അനുകൂല മാധ്യമ പ്രവർത്തകരെ സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനമാണ് മാഗ്കോം. ഇത്തരം ആസൂത്രിത ശ്രമങ്ങൾക്കെതിരേ ശക്തമായ പ്രധിഷേധങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. സംഘപരിവാർ പദ്ധതിയിൽ വീണ് പരിപാടിയിൽ പങ്കെടുത്ത പി.ടി.എ റഹീം എം.എൽ.എ എന്ത് സന്ദേശമാണ് പൊതുസമൂഹത്തിന് നൽകുന്നതെന്ന് അദ്ദേഹം വ്യക്തമാക്കണമെന്നും ഫ്രറ്റേണിറ്റി മൂവ്മെന്റ് ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് മുനീബ് എലങ്കമൽ, ജനറൽ സെക്രട്ടറിമാരായ തബ്ഷീറ സുഹൈൽ, റഈസ് കുണ്ടുങ്ങൽ, വൈസ് പ്രസിഡന്റ്മാരായ ആയിഷ മന്ന, റഹീം ചേന്ദമംഗല്ലൂർ എന്നിവർ സംസാരിച്ചു.

# ലീഗൽ എംപവർമെന്റ് മീറ്റ് സംഘടിപ്പിച്ചു

തലശ്ശേരി: ജില്ലാകോടതിയിലെ അഭിഭാഷകരുടെ നേതൃത്വത്തിൽ ലീഗൽ എംപവർമെന്റ് (ഇന്ത്യ) മീറ്റ് സംഘടിപ്പിച്ചു. ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് കൗസർ എടപ്പഗത്ത് ഉദ്ഘാടനം ചെയ്തു. ഇന്ത്യയും യു.എ.ഇയും ചേർന്നുണ്ടാക്കിയ ഉഭയകക്ഷി കരാർ പ്രകാരം യു.എ.ഇയിലെ വിധിന്യായങ്ങൾ ഇന്ത്യയിലെ വിധി ന്യായങ്ങൾ പോലെ കണക്കാക്കാം. യു.എ.ഇയിലെ സിവിൽ, വാണിജ്യ കോടതികളുടെ വിധി ഇന്ത്യയിലും ഇന്ത്യൻ കോടതികളുടെ വിധി യു.എ.ഇ.യിലും നടപ്പാക്കുമെന്നും അതുപ്രകാരം കക്ഷികൾക്ക് വിധിയുടെ ഫലം അനുഭവിക്കാൻ കഴിയുമെന്നതാണ് ഉടമ്പടിയുടെ പ്രത്യേകതയെന്ന് അദ്ദേഹം പറഞ്ഞു. ബാർ അസോസിയേഷൻ പ്രസിഡന്റ് സുനിൽകുമാർ അധ്യക്ഷത വഹിച്ചു.അഡ്വ. ഒ.വി മുസ്തഫ സഫീർ ആമുഖ പ്രഭാഷണം നടത്തി. ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് സോഫി തോമസ്, ജസ്റ്റിസ് മുഹമ്മദ് മുസ്താഖ്, സുപ്രിംകോടതിയിലെ സീനിയർ അഭിഭാഷകരായ ഡോ. ലളിജ് ഭാസിൻ, നീന ഗുപ്ത, മുസ്തഫ, അല്മനൈ മാനേജിങ് പാർട്ണർ ഒ.വി മുസ്തഫ സഫീർ, ലിറ്റിഗേഷൻ പാർട്ണർ ബാരിസ്റ്റർ മിസ്റ്റർ മൈക്കൽ സ്റ്റീൽ എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു. ജില്ലാ ജഡ്ജ് ജി. ഗിരീഷ്, സീനിയർ അഭിഭാഷകൻ ഒ.ജി പ്രേമരാജൻ, അബ്ദുൽ നസീർ, കെ. പ്രജീഷ് സംസാരിച്ചു.









RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, 2nd Floor, Noor Complex, West Nadakkav, Kozhikode - 11, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.